# മിയോട്ട് ആശുപത്രിയിൽ ഹോട്ട് തെറപ്പി സൗകര്യം

ചെന്നൈ ● അർബുദത്തിനുള്ള അതിനൂതന ചികിൽസാ സംവിധാനം മിയോട്ട് ആശുപത്രിയിൽ സജ്ജമാക്കി. ഹൈപ്പർ തെറാമിക് ഇൻട്രാഓപ്പറേറ്റീവ് പെരിറ്റോനിയൽ കീമോതെറപ്പി (ഹോട്ട് കീമോതെറപ്പി) എന്ന ചികിൽസാ സംവിധാനമാണ് ആരംഭിച്ചത്. ഉദരഭിത്തിയിലുണ്ടാകുന്ന അർബുദംമൂലമുള്ള മരണസാധ്യത വളരെയേറെ കുറയ്ക്കാൻ പുതിയ ചികിൽസാ രീതിയിലൂടെ കഴിയുമെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

ലോകത്തൊട്ടാകെ 30 കേന്ദ്രങ്ങളിൽ മാത്രമേ നിലവിൽ ഈ ചികിൽസാ രീതി നിലവിലുള്ളൂവെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

പുതിയ ചികിൽസാ സംവിധാനത്തെക്കുറിച്ചു ബ്രിട്ടനിൽനിന്നുള്ള വിദഗ്ധർ പങ്കെടുക്കുന്ന ശിൽപശാല മിയോട്ട് ആശുപത്രിയിൽ ആരംഭിച്ചു.

ഇന്തോ ബ്രിട്ടിഷ് ഹെൽത്ത് ഇനിഷ്യേറ്റീവ്സിന്റെ ആഭിമുഖ്യത്തിലാണ് ശിൽപശാല നടക്കുന്നത്. പുതിയ ചികിൽസാ രീതി നിർവഹിക്കുന്ന വിധം, പ്രത്യേകതകൾ, പ്രയോജനങ്ങൾ എന്നിവയെക്കുറിച്ചു വിദഗ്ധർ പ്രഭാഷണം നടത്തും. തൽസമയ ശസ്ത്രക്രിയകളും ഇതിന്റെ ഭാഗമായി നടക്കും.

ദ് ക്രിസ്റ്റി എൻഎച്ച്എസ് ഫൗണ്ടേഷൻ ട്രസ്റ്റ് കൺസൽറ്റന്റ് സർജൻ ചെല്ലയ്യ സെൽവശേഖർ, അസോഷ്യേറ്റ് ഡയറക്ടർ ഓഫ് എജ്യുക്കേഷൻ ഡോ. കാത്തി ഹെവൻ, കൺസൽറ്റന്റ് റേഡിയോളജിസ്റ്റ് ഡോ. രോഹിത് കൊച്ചാർ, നഴ്സ് സ്പെഷലിസ്റ്റ് റെബേക്ക ഹാൽസ്റ്റെഡ്, കൺസൽറ്റന്റ് സർജൻ പോൾ ഫുൽഫോർഡ്, കൺസൽറ്റന്റ് സർജൻ സാറ ഡായർ, കൺസൽറ്റന്റ് ഡോ. സെയ്ഫി മുൽമിത്ത, മിയോട്ട് ഇന്റർനാഷനൽ സ്ഥാപകൻ ഡോ. പി.വി.എ. മോഹൻദാസ്, ചെയർമാൻ മല്ലിക മോഹൻദാസ്, ഇന്തോ ബ്രിട്ടിഷ് ഹെൽത്ത് ഇനിഷ്യേറ്റീവ്സ് സ്ഥാപകനും സെക്രട്ടറിയുമായ ഡോ. പൃഥ്വി മോഹൻദാസ്, ഡോ. ശ്രീകുമാർ പിള്ള, ഡോ. എസ്. ലക്ഷ്മി നാരായണൻ, ഡോ. രാം പ്രഭു പങ്കെടുത്തു.